**'ഭരണഭാഷ-മാതൃഭാഷ'**

**കേരള സർക്കാർ**

## <u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2026-27 - വികസന (പൊതു വിഭാഗം) ഫണ്ട് - കരൂർ ഗ്രാമപഞ്ചായത്ത് - 2025-26 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതിൽ ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.4254/2026/ധന തീയതി, തിരുവനന്തപുരം, 12-05-2026

---

പരാമർശം : 1. 25/03/2026 തീയതിയിലെ കരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്

2. 18/03/2026 തീയതിയിലെ മീനച്ചിൽ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

## <u>ഉത്തരവ്</u>

2025-26 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കരൂർ ഗ്രാമപഞ്ചായത്ത്, വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (നം. 28/26) എന്ന പദ്ധതിയ്ക്കായി വികസന (പൊതു വിഭാഗം) ഫണ്ടിൽ നിന്നും ഗുണഭോക്താവായ കേരള ഫീഡ്സ് ലിമിറ്റഡിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ ₹2,95,515/- രൂപ പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം സർക്കാരിന് കരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സൂചന (2) ലെ മീനച്ചിൽ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, കരൂർ ഗ്രാമപഞ്ചായത്ത് 2025-2026 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ

കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (നം. 28/26) എന്ന പദ്ധതിയ്ക്കായി കേരള ഫീഡ്സ് ലിമിറ്റഡിന് നൽകുന്നതിനായി 2026-27 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റെ 3604-00-200-75-05-35-00-N-V ( പൊതു വിഭാഗം ) ശീർഷകത്തിൽ നിന്നും കരൂർ ഗ്രാമപഞ്ചായത്തിന് (G050502) ₹2,95,515/- രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അഞ്ഞൂറ്റി പതിനഞ്ച് രൂപ മാത്രം), കരൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ള 2026-27 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റെ പൊതു വിഭാഗം വിഹിതത്തിൽ നിന്നും കുറവ് വരുത്തുമെന്ന നിബന്ധനയോടെ, പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് കേരള ഫീഡ്സ് ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം )**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കരൂർ ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3475285)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ